# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 6210

31-10-2011-ൽ മറുപടിക്ക്

## വൈദ്യുതി അപകടങ്ങൾ

**ചോദ്യം**

ശ്രീ. ഇ. കെ. വിജയൻ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കഴിഞ്ഞ ഒരു വർഷം കേരളത്തിൽ വിവിധ വൈദ്യുതി അപകടങ്ങളിലായി പരിക്കുപറ്റിയവരുടെയും മരണപ്പെട്ടവരുടെയും കണക്ക് വ്യക്തമാക്കുമോ;

(എ) കഴിഞ്ഞ ഒരു വർഷം കേരളത്തിൽ വിവിധ വൈദ്യുതി അപകടങ്ങളിലായി പരിക്കുപറ്റിയവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | മരണപ്പെട്ടവർ | പരിക്കുപറ്റിയവർ |
|---|---|---|
| 1. ബോർഡു ജീവനക്കാർ | 17 | 86 |
| 2. കരാർ തൊഴിലാളികൾ | 12 | 37 |
| 3. പൊതുജനങ്ങൾ | 65 | 16 |

(ബി) വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് പ്രകാരം കെ. എസ്. ഇ. ബി.യ്ക്ക് എതിരെ എത്ര കേസ്സുകൾ നിലവിലുണ്ട്;

(ബി) വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് പ്രകാരം കെ. എസ്. ഇ. ബി.യ്ക്ക് എതിരെ 82 കേസുകൾ ഇപ്പോൾ നിലവിലുണ്ട്

(സി) എത്ര തൊഴിലാളികൾക്ക് പ്രസ്തുത ആക്ട് പ്രകാരം നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് പ്രകാരം നഷ്ടപരിഹാരം അനുവദിച്ച തൊഴിലാളികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. ബോർഡു ജീവനക്കാർ | 169 (2000 മുതൽ 2011 കാലയളവു വരെ) |
| 2. കരാർ തൊഴിലാളികൾ | 194 (2000 മുതൽ 2011 കാലയളവു വരെ) |

(ഡി) വൈദ്യുതി പ്രവാഹം പരിശോധിക്കാനായി ഡിജിറ്റൽ ടെസ്റ്റർ സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; നിലവിലുള്ള നടപടി സ്വീകരിക്കുമോ ;

(ഇ) ഇല്ലെങ്കിൽ ഇത് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

(ഡി) & (ഇ) ഡിജിറ്റൽ ടെസ്റ്റർ സംവിധാനം ഇപ്പോൾ ബോർഡിൽ നിലവിലില്ല. ഇത്തരം സംവിധാനങ്ങൾ ബോർഡിൽ നടപ്പാക്കുന്ന കാര്യം പരിഗണിയ്ക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ